"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ.നം. 146ൽ പ്പെട്ട 4.05 ആർ ഭൂമി ഭാവിയിൽ റോഡ് വികസനത്തിന് ആവശ്യമായി വരികയാണെങ്കിൽ നഷ്ടപരിഹാരം കൂടാതെ വിട്ടുനല്കണമെന്ന വ്യവസ്ഥയോടെ, 09.08.2025ലെ സ.ഉ(കൈ) നം.240/2025/RD ഉത്തരവിലെയും 27/01/2026-ലെ സ.ഉ(കൈ)നം.38/2026/റവ നമ്പർ ഉത്തരവിലേയും വ്യവസ്ഥകൾ പ്രകാരം, ന്യായവിലയുടെ 50% ഈടാക്കി കാഞ്ഞിരപ്പൊയിൽ റിക്രിയിഷേൻ ക്ലബ് & റീഡിംഗ് റൂം സെക്രട്ടറിയുടെ പേരിൽ പതിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എം) വകുപ്പ്**

സ.ഉ.(കൈ) നം.52/2026/RD തീയതി,തിരുവനന്തപുരം, 05-02-2026

---

പരാമർശം:-

1. സ.ഉ(കൈ) 40/2020/റവ തീയതി 29/01/2020.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 04/08/2023- ലെ LR/2186/2021-LR(J6) നമ്പർ കത്ത്.
3. സ.ഉ(കൈ)നം.240/2025/RD തീയതി 09.08.2025.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 08/01/2026 ലെ LR/2186/2021-LR(J6) നമ്പർ കത്ത്.
5. സ.ഉ(എം.എസ്)38/2026//RD തീയതി 27/01/2026.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീസർവെ നമ്പർ 146 ൽ പ്പെട്ട 4.05 ആർ (10 സെന്റ്) ഭൂമി കാഞ്ഞിരപ്പൊയിൽ റിക്രിയേഷൻ ക്ലബ് & റീഡിങ് റൂമിന് പരാമർശം(1) ഉത്തരവ് പ്രകാരം പതിച്ച് നല്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2) സ്ഥാപനങ്ങളും സംഘടനകളും മതിയായ രേഖകളില്ലാതെ കൈവശം വച്ചിരിക്കുന്ന ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി പതിച്ച് നല്കുന്നതിന് പൊതു മാനദണ്ഡം നിശ്ചയിച്ച് പുറപ്പെടുവിച്ച പരാമർശം(1) ഉത്തരവ് റദ്ദു ചെയ്തുകൊണ്ടും പുതുക്കിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും പരാമർശം (3) ഉത്തരവ് നിലവിൽ വന്ന സാഹചര്യത്തിൽ, കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീസർവെ നമ്പർ 146 ൽ പ്പെട്ട 4.05 ആർ (10 സെൻറ്) ഭൂമി, പരാമർശം(3) സർക്കാർ ഉത്തരവു പ്രകാരം ഫെയർവാല്യുവിന്റെ 50% ഈടാക്കി കാഞ്ഞിരപ്പൊയിൽ റിക്രിയേഷൻ ക്ലബ് & റീഡിങ് റൂം സെക്രട്ടറി പേരിൽ പതിച്ചു നൽകുന്നതിനായി റിക്രിയേഷൻ ക്ലബ് & റീഡിങ് റൂം സെക്രട്ടറി

സമർപ്പിച്ച അപേക്ഷ, സ്കെച്ച്, ലിസ്റ്റ് ഓഫ് ലാൻഡ്, മഹസർ, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, പ്രൊഫോർമ റിപ്പോർട്ട്, ന്യായവില രജിസ്റ്റർ പകർപ്പ്, കേരള സ്റേറ്റ് ലൈബ്രറി കാൺസിലിന്റെ അഫിലിയേഷൻ സർട്ടിഫിക്കറ്റ്, സൊസൈറ്റി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈബ്രറി രജിസ്ട്രേഷൻ രേഖകൾ, വരവ് ചെലവ് കണക്കുകൾ സഹിതം ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (4) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു. കൂടാതെ പതിവിന് ശിപാർശ ചെയ്തിട്ടുള്ള ഭൂമി ഭാവിയിൽ റോഡ് വികസനത്തിന് ഉപയോഗപ്പെട്ടുമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

3) സ്ഥാപനങ്ങളും സംഘടനകളും മതിയായ രേഖകളില്ലാതെ കൈവശം വച്ചിരിക്കുന്ന ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി പതിച്ച് നല്കുന്നതിന് പൊതു മാനദണ്ഡം നിശ്ചയിച്ച് പുറപ്പെടുവിച്ച പരാമർശം(1) ഉത്തരവ് റദ്ദു ചെയ്തുകൊണ്ടും പുതുക്കിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും പുറപ്പെടുവിച്ച പരാമർശം(3) ഉത്തരവ് ഭേദഗതി വരുത്തി പരാമർശം(5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ.നം. 146ൽ പ്പെട്ട 4.05 ആർ ഭൂമി, ഭാവിയിൽ റോഡ് വികസനത്തിന് ആവശ്യമായി വരികയാണെങ്കിൽ നഷ്ടപരിഹാരം കൂടാതെ വിട്ടുനല്കണമെന്ന വ്യവസ്ഥയോടെ, സ്ഥാപനങ്ങളും സംഘടനകളും മതിയായ രേഖകളില്ലാതെ കൈവശം വച്ചിരിക്കുന്ന ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി പതിച്ച് നല്കുന്നതിന് പൊതു മാനദണ്ഡം നിശ്ചയിച്ച് പുറപ്പെടുവിച്ച 29/01/2020 ലെ സ.ഉ(കൈ) 40/2020/റവ നമ്പർ ഉത്തരവ് റദ്ദു ചെയ്തുകൊണ്ടും പുതുക്കിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടും പുറപ്പെടുവിച്ച 09.08.2025ലെ സ.ഉ(കൈ)നം.240/2025/RD നമ്പർ ഉത്തരവിലേയും ടി ഉത്തരവ് ഭേദഗതി വരുത്തി പുറപ്പെടുവിച്ച 27/01/2026-ലെ സ.ഉ(കൈ)നം.38/2026/RD നമ്പർ ഉത്തരവിലെയും വ്യവസ്ഥകൾ പ്രകാരം, ന്യായവിലയുടെ 50% ഈടാക്കി കാഞ്ഞിരപ്പൊയിൽ റിക്രിയിഷേൻ ക്ലബ് & റീഡിംഗ് റൂം സെക്രട്ടറിയുടെ പേരിൽ പതിച്ചു നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
സെക്രട്ടറി, കാഞ്ഞിരപ്പൊയിൽ റിക്രിയിഷേൻ ക്ലബ് & റീഡിംഗ് റൂം, കാഞ്ഞിരപ്പൊയിൽ, കാസർഗോഡ്.
തഹസിൽദാർ, ഹോസ്ദുർഗ് താലൂക്ക്, കാസർഗോഡ്
ധനകാര്യ വകുപ്പ് (REV-M3/93/2023-REV-Part(I) പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
Date: 05-02-2026 15:11:29
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
റവന്യൂ സെക്രട്ടറിയുടെ പി.എ-യ്ക്ക്